ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനത്തിനായിട്ടാണ് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം സ്ഥലം ഏറ്റെടുത്തിരിക്കുന്നത്.

(ബി) ഏകദേശം 50 ഏക്കറോളം സ്ഥലം ഈ ഭൂമിയിൽ നിന്നും ഉടനെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

(സി) ആശുപത്രി വികസനത്തിനാവശ്യമായ ഭൂമി മാത്രമാണ് ഏറ്റെടുക്കുന്നത്. വികസന പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം മാത്രമേ അവശേഷിക്കുന്ന ഭൂമി വിട്ടുകൊടുക്കുന്നതിനെപ്പറ്റി കോളേജ് കമ്മിറ്റി മാനേജ്മെന്റിന് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പൂർത്തീകരിച്ചു കഴിഞ്ഞിട്ടില്ല.

(എഫ്) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനാണ് പ്രാഥമിക പരിഗണന.

(ജി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ ഉൾപ്പെടെയുള്ള വികസനങ്ങൾക്ക് സ്ഥലം ആവശ്യമായിവരുന്നതിനാൽ അവശേഷിക്കുന്ന ഭൂമി വിട്ടുകൊടുക്കുന്നത് പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം മതിയെന്ന തീരുമാനമാണ് കോളേജ് കമ്മിറ്റി മാനേജ്മെന്റ് കൈക്കൊണ്ടത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിന് സ്വകാര്യ ഏജൻസികളുമായി കരാർ

135 [5280] ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിന് ഏതെങ്കിലും സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏർപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനം

136 [5281] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനുമായി സർക്കാർതലത്തിൽ വിളിച്ചുകൂട്ടിയ കോൺഫറൻസുകളുടെ തീരുമാനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്;

(സി) തൃശ്ശൂർ മെഡിക്കൽ കോളേജ് വികസനത്തിനായി എത്ര സംഖ്യ സംഭാവനയായി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) 2002 ജൂലായിൽ ആരോഗ്യ വകുപ്പുമന്ത്രി തൃശ്ശൂരിൽ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വച്ച് ആശുപത്രി വികസനത്തിനായി എത്ര സംഖ്യയുടെ ഓഫർ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; ഓഫർ നൽകിയ വ്യക്തികളും സംഘടനകളും ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനകം ഓഫർ നൽകിയവരിൽ നിന്ന് ലഭിച്ച സംഖ്യ എത്ര; ഓരോരുത്തരും നൽകിയ സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) മെഡിക്കൽ കോളേജ് വികസനത്തിനായി സ്ഥിരമായി ഫണ്ട് സംഭരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ജി) ആശുപത്രി വികസന സമിതി (എച്ച്.ഡി.സി.)-യുടെ പേരിൽ എത്ര രൂപയുടെ നിക്ഷേപം ഉണ്ടെന്ന് പറയാമോ?

ഉത്തരം

(എ) കോബാൾട്ട് തെറാപ്പി യൂണിറ്റിനുവേണ്ടി വേണ്ടുന്ന യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുവേണ്ട നടപടികൾ, മലിനീകരണ നിയന്ത്രണം സംബന്ധിച്ച പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ, ബ്ലഡ് ബാങ്കിന്റെ വികസനം സംബന്ധിച്ചുള്ള നടപടികൾ, മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്, കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടി, മെഡിക്കൽ കോളേജിനോടനുബന്ധിച്ച് കൃത്രിമ അവയവ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൊതുവിൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനം തുടങ്ങിയവയാണ് 6-7-2002-ലെ യോഗത്തിലെടുത്ത പ്രധാന തീരുമാനങ്ങൾ.

(ബി) 6-7-2002-ന് ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗം അല്ലാതെ മറ്റ് യോഗങ്ങളൊന്നും നടന്നിട്ടില്ല.

(സി) ഒരു സംഖ്യയും സംഭാവനയായി ലഭിച്ചിട്ടില്ല.

(ഡി) 10 ലക്ഷം രൂപയുടെ ഓഫറാണ് ലഭിച്ചത്. നിർദ്ദിഷ്ട കാമാവിയ മെഡിക്കൽ കോളേജിന്റെ മാനേജിംഗ് ട്രസ്റ്റി ശ്രീ. കമാൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 10 ലക്ഷം രൂപ സംഭാവന നൽകുന്നതാണെന്ന് യോഗത്തെ അറിയിച്ചു.

(ഇ) ഇത് സംബന്ധിച്ച തുകയൊന്നും ലഭിച്ചിട്ടില്ല.

(എഫ്) ഇങ്ങനെ ഫണ്ട് ശേഖരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഇത് സംബന്ധിച്ച് യോഗം ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

(ജി) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചുള്ള ആശുപത്രി വികസന സമിതിയുടെ നിക്ഷേപം 53,70,000 രൂപ. തൃശ്ശൂർ മെഡിക്കൽ കോളേജ് നെഞ്ച് രോഗാശുപത്രിയോടനുബന്ധിച്ചുള്ള ആശുപത്രി വികസന സമിതിയുടെ നിക്ഷേപം 10,73,500 രൂപ.

LIBRARY ARCHIVES Kerala Legislative Assembly